**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5399** **21-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ചിക്കൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വർദ്ധിച്ച് വരുന്ന ഇറച്ചിക്കോഴി വിലയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനായി ആരംഭിച്ച 'കേരള ചിക്കൻ' പദ്ധതി ഏതൊക്കെ ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ചിക്കൻ പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ 2025 ഏപ്രിൽ മാസത്തോടെ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.<br>ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി മുഖേന വയനാട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, പാലക്കാട് ജില്ലകളിൽ നടപ്പായിലാക്കിയിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിൽ ഫാമുകൾ സ്ഥാപിക്കുകയും, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ കേരള ചിക്കൻ outlet കൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ശുദ്ധമായ കോഴി ഇറച്ചിയുടെ ലഭ്യത ഉറപ്പുവരുത്താൻ ഈ പദ്ധതി വഴി കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പദ്ധതി ആരംഭിച്ച ജില്ലകളിൽ ശുദ്ധമായ കോഴിയിറച്ചിയുടെ ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. കുടുംബശ്രീ വനിതകൾ നടത്തുന്ന ഫാമുകളിൽ കുടുംബശ്രീ സംവിധാനത്തിന്റെ മേൽനോട്ടത്തിൽ ആണ് ഇറച്ചികോഴികളെ വളർത്തുന്നത്. നിലവിൽ പ്രതി ദിനം ഏകദേശം 50 ടൺ കോഴിയിറച്ചി വിപണിയിലെത്തിക്കുവാൻ കുടുംബശ്രീയുടെ കേരള ചിക്കൻ പദ്ധതിയിലൂടെ കഴിയുന്നുണ്ട്. ശീതീകരിച്ച് പാക്ക് ചെയ്ത കോഴിയിറച്ചി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ സൂപ്പർമാർക്കറ്റുകൾ വഴി വിൽപ്പന നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.<br>ശാസ്ത്രീയമായി ഉത്പാദനം മുതൽ ഉപഭോഗം വരെ ശുദ്ധമായ കോഴിയിറച്ചി നൽകുവാനുള്ള ഉദ്ദേശത്തിൽ കെപ്കോ വഴി കേരള ചിക്കൻ എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ